മുൻസിഫ്/മജിസ്ട്രേറ്റ് കോടതികൾ

36 (3595) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര മുൻസിഫ്/മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ജില്ലാ സെഷൻസ് കോടതികൾ ഏതെല്ലാം സ്ഥങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാമോ ;

(സി) പ്രാദേശിക ചുമതലകളില്ലാത്ത സ്പെഷ്യൽ കോടതികൾ നിലവിൽ എത്രയെണ്ണമുണ്ട് ;

(ഡി) ഇവയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കോടതികൾ എത്രയുണ്ട് ; നടപ്പു വർഷം എത്ര കോടതികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ പദ്ധതിയുണ്ടെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത കോടതികളിലെല്ലാം എ.പി.പി. ഗവൺമെന്റ് പ്ലീഡർമാർ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ ;

(ജി) എല്ലാ കോടതികളിലും ജുഡീഷ്യൽ ഓഫീസർമാർക്ക് വാസയോഗ്യമായ ക്വാർട്ടേഴ്സുകൾ നൽകിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഐ) എല്ലാ കോടതികളിലും ഫർണിച്ചർ, ടെലിഫോൺ എന്നീ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. മുൻസിഫ്/മജിസ്ട്രേറ്റ് കോടതികൾ – 17

2. മുൻസിഫ് കോടതികൾ – 81

3. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി – 109

(ബി) എല്ലാ ജില്ലാ ജുഡീഷ്യൽ സംസ്ഥാനങ്ങളിലും ജില്ലാ സെഷൻസ് കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ മാവേലിക്കര നോർത്ത് പറവൂർ എന്നിവിടങ്ങളിൽ അഡീ. ജില്ലാ സെഷൻസ് കോടതികൾ പ്രവർത്തിക്കുന്നു.

(സി) രണ്ട്.

(ഡി) 39 സബോർഡിനേറ്റ് കോടതികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം കോടതി കെട്ടിട നിർമ്മാണത്തിനായി 766 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ഹൈക്കോടതിയുടെ ശുപാർശ പരിശോധിച്ചും കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചില കോടതികളിൽ ഗവൺമെന്റ് പ്ലീഡർ/പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കുറവുണ്ട്.

(എഫ്) സർക്കാരിന്റെ പരിഗണനയിലാണ്.

(ജി&എച്ച്) എല്ലാ ജുഡീഷ്യൽ ഓഫീസർമാർക്കും ക്വാർട്ടേഴ്സ് നൽകിയിട്ടില്ല. ഇതിനാവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഐ) ഫർണീച്ചർ, ടെലിഫോൺ എന്നിവയില്ലാത്ത കോടതികൾക്ക് അവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സർവ്വീസിൽ നിന്നും മറ്റ് സർവ്വീസിലേക്ക് പോയവരുടെ പുനർനിയമനം

37 (3596) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു വകുപ്പുകളിൽ നിന്നും നിയമ വകുപ്പിലേക്ക് ലീഗൽ അസിസ്റ്റന്റായി നിയമനം ലഭിച്ചശേഷം മറ്റു വകുപ്പുകളിലേക്ക് പോകുന്ന ഉദ്യോഗസ്ഥന്റെ ലീൻ ഏതു വകുപ്പിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമവകുപ്പിൽനിന്നും മറ്റു വകുപ്പുകളിലേക്ക് പോയി വർഷങ്ങൾക്കു ശേഷം നിയമവകുപ്പിലേക്ക് മടങ്ങി വരാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥരെ നിയമ വകുപ്പിൽ പൂർവ്വകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകി നിയമിക്കാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു തസ്തികയിൽ 'ലീൻ' നിലനിൽക്കുന്നത് ആ തസ്തികയിൽ 'കൺഫർമേഷൻ' കിട്ടുന്നതിന്റെ അടിസ്ഥാനത്തിലാണ്. അതനുസരിച്ച് അതാതു വകുപ്പുകളാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

(ബി) വ്യക്തമായ വ്യവസ്ഥയില്ല.

മലബാറിൽ ഹൈക്കോടതിയുടെ ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി

38 (3597) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഭാഗത്ത് കേരള ഹൈക്കോടതിയുടെ ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോഡ് മുതൽ മലപ്പുറം വരെയുള്ള ജനങ്ങൾക്ക് എറണാകുളം വരെ വന്ന് ഹൈക്കോടതിയിൽ കേസ് നടത്താൻ ഉള്ള ബുദ്ധിമുട്ടുകളും സാമ്പത്തിക നഷ്ടവും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

(സി) കേസ്സുകൾ വേഗം തീർപ്പാക്കാനും മേൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഹൈക്കോടതി ബഞ്ച് കോഴിക്കോട് സ്ഥാപിക്കാനും ഉള്ള നടപടി ഏതു ഘട്ടംവരെയെത്തി എന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly